# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഒക്ടോബർ 26**

---

## ധ്രുവ മേഖലകളുടെ സംരക്ഷണം; രാജ്യാന്തര സമ്മേളനത്തിന് തുടക്കമായി

ധ്രുവ മേഖലകളുടെ സംരക്ഷണവും സുസ്ഥിര വികസനവുമായി ബന്ധപ്പെട്ട് മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർനാഷണൽ സെന്റർ ഫോർ പോളാർ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ത്രിദിന രാജ്യാന്തര സമ്മേളനത്തിന് തുടക്കമായി.

സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് ഓഡിറ്റോറിയത്തിൽ സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് പ്രഫ. കെ.പി. സുധീർ സമ്മേളനം ഉദ്ഘാടനം ചെയ്തു. വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ചു.

നാഷണൽ സെന്റർ ഫോർ പോളാർ ആന്റ് ഓഷ്യൻ റിസർച്ച് (എൻ.സി.പി.ഒ.ആർ)ഡയറക്ടർ ഡോ. തമ്പൻ മേലോത്ത്, സിൻഡിക്കേറ്റ് അംഗം ഡോ. ബി. കേരളവർമ, സ്കൂൾ ഓഫ് എൻയവയോൺമെന്റൽ സയൻസസ് മേധാവി ഡോ. കെ.ആർ. ബൈജു, കൺവീനർ ഡോ. മഹേഷ് മോഹൻ, കോ-ഓർഡിനേറ്റർ മാത്യു എ. വർഗീസ് എന്നിവർ സംസാരിച്ചു.

വിവിധ ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര മേഖലകളിലെ വിദഗ്ധരെ പങ്കെടുപ്പിച്ച് ധ്രുവ മേഖലകൾ നിലവിൽ നേരിടുന്ന വെല്ലുവിളികളെ സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തി പരിഹാര മാർഗങ്ങൾ കണ്ടെത്തുന്നതിന് ലക്ഷ്യമിടുന്ന സമ്മേളനം നാളെ(ഒക്ടോബർ 28) സമാപിക്കും. ഗഗോവയിലെ നാഷണൽ സെന്റർ ഫോർ പോളാർ ആന്റ് ഓഷഅയൻ റിസർച്ചിന്റെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചിരി ക്കുന്നത്.

(പി.ആർ.ഒ/39/1277/2023)

## സിവിൽ സർവീസ് പരീക്ഷാ പരിശീലനം; 31 വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ നവംബറിൽ ആരംഭിക്കുന്ന സിവിൽ സർവീസ് പ്രിലിനിമനറി പരീക്ഷയുടെ ആറു മാസ തീവ്ര പരിശീലന പരിപാടിയിലേക്ക് അപേക്ഷിക്കുന്നതിനുള്ള സമയപരിധി ക്ടോബർ 31 വരെ നീട്ടി. അപേക്ഷ സമർപ്പിക്കുന്നതിൻറെ മുൻഗണനാ ക്രമത്തിലാണ് പ്രവേശനം. ഫോൺ-9188374553.

(പി.ആർ.ഒ/39/1278/2023)

## പ്രാക്ടിക്കൽ

മൂന്നും നാലും വർഷ ബി.എസ്.സി നേഴ്സിംഗ്(2016 അഡ്മിഷൻ സപ്ലിമെൻററി, 2012-2015 അഡ്മിഷൻ സ്പെഷ്യൽ സപ്ലിമെൻററി, 2010,2011 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ് - ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 28 മുതൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1279/2023)

## പരീക്ഷാ ഫലം

ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ ബിസിനസ്സ് ഇക്കണോമിക്സ്(2021 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 10 വരെ ഒൺലൈനിൽ സമർപ്പിക്കാം.

............................

സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ്(20212023 ബാച്ച് റഗുലർ, ഫാക്കൽറ്റി സയൻസ്, ക്രെഡിറ്റ് ആൻറ് സെമസ്റ്റർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1280/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**